## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7402 14/07/2014-ൽ മറുപടിയ്ക്ക്

# പോളിഹൗസ് യൂണിറ്റുകൾക്കുള്ള സഹായം

ചോദ്യം
ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

എ) എത്ര പോളിഹൗസ് യൂണിറ്റുകൾക്ക് സർക്കാർ സഹായം അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

എ) ഹൈടെക് ഫാമിംഗ് പദ്ധതി പ്രകാരം സർക്കാർ സഹായം അനുവദിച്ച് ഇതുവരെ പൂർത്തിയായ പോളീഹൗസുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | പൂർത്തിയായ പോളീഹൗസുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 39 |
| 2 | കൊല്ലം | 25 |
| 3 | പത്തനംതിട്ട | 17 |
| 4 | ആലപ്പുഴ | 27 |
| 5 | ഇടുക്കി | 29 |
| 6 | കോട്ടയം | 25 |
| 7 | എറണാകുളം | 60 |
| 8 | തൃശ്ശൂർ | 53 |
| 9 | പാലക്കാട് | 51 |
| 10 | മലപ്പുറം | 33 |
| 11 | കോഴിക്കോട് | 18 |
| 12 | വയനാട് | 69 |
| 13 | കണ്ണൂർ | 15 |
| 14 | കാസറഗോഡ് | 8 |
| | ആകെ | 469 |

കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് ഹൈടെക് കൃഷിയുടെ പ്രചരണാർത്ഥം പോളിഹൗസുകൾ സ്ഥാപിക്കുന്നതിനായി അനുവദിച്ച 54 ലക്ഷം രൂപ ഉപയോഗിച്ച് 500 ചതുരശ്ര മീറ്റർ വീതമുള്ള 12 പോളിഹൗസുകൾ നിർമ്മാണം നടത്തിയിട്ടുണ്ട്.

ബി) പോളിഹൗസ് കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്തൊക്കെയാണെന്നും ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

ബി) ഉണ്ട്,

പോളീഹൗസ് കൃഷിക്കാർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

- പോളീഹൗസ് നിർമ്മാണത്തിൽ പ്രാഗത്ഭ്യമുള്ള ഏജൻസികളുടെ അപര്യാപ്തത

- സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുവാൻ കഴിയുന്നില്ല.
- ഉത്പാദനോപാധികളുടെ ലഭ്യതക്കുറവ്
- കർഷകർക്ക് ഹൈടെക്ക് കൃഷിയെക്കുറിച്ചുള്ള പരിമിതമായ ജ്ഞാനം.

പോളീഹൗസ് കൃഷിക്കാർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- പോളീഹൗസ് നിർമ്മിക്കുവാൻ പ്രാപ്തമായ ഏജൻസികളുടെ വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു.
- ഉത്പാദനോപാധികൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു.
- കർഷകർക്ക് ഹൈടെക് കൃഷി വിജയകരമായി നടത്തുന്നതിനാവശ്യമായ വിദഗ്ധ പരിശീലനം നൽകുന്നു.

സി) പോളിഹൗസ് കൃഷിയിൽ വിദഗ്ധ പരിശീലനം ലഭിച്ച എത്ര കൃഷി ഓഫീസർമാർ, ടെക്നീഷ്യന്മാർ ഉണ്ടെന്ന് വ്യക്തമാക്കുമോ; കൂടുതൽ ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ വിദഗ്ധ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

സി) പോളീഹൗസ് കൃഷിയിൽ വിദഗ്ധ പരിശീലനം ലഭിച്ച കൃഷി ഓഫീസർമാരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. കൂടുതൽ ഉദ്യോഗസ്ഥർക്ക് ഹൈടെക് കൃഷിയിൽ വിദഗ്ധ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | ജില്ല | പരിശീലനം നേടിയ ഉദ്യോഗസ്ഥന്റെ പേര് | കൃഷി ഭവൻ |
|---|---|---|---|
| 1 | കൊല്ലം | ശ്രീ.വി.ആർ.വിനീഷ് | കെ.എസ്.പുരം |
| 2 | പത്തനംതിട്ട | ശ്രീ.ഹാപ്പി മാത്യു | വെച്ചുചിറ |
| 3 | കോട്ടയം | ശ്രീ. ജോർജ്ജ് കെ. മത്തായി | മീനച്ചൽ |
| 4 | ഇടുക്കി | ശ്രീ.പ്രിൻസ് മാത്യു | ചക്കുപാലം |
| 5 | തൃശ്ശൂർ | ശ്രീ.എ.ജെ. വിവൻസി | വെങ്കിടങ്ങ് |
| 6 | പാലക്കാട് | ശ്രീ. പി.ജി. കൃഷ്ണകുമാർ | നാഗലശ്ശേരി |
| 7 | മലപ്പുറം | ശ്രീമതി. ശ്രീലതാ പി | മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബ് |
| 8 | വയനാട് | ശ്രീ.കെ.മമ്മൂട്ടി | വെള്ളമുണ്ട് |
| 9 | കണ്ണൂർ | ശ്രീ.ജോർജ്ജ്കുട്ടി മാത്യു | പയ്യാവൂർ |
| 10 | കാസറഗോഡ് | ശ്രീ.സി.നരസംഹലു | മൊഗ്രാൽപുതൂർ |

സെക്ഷൻ ഓഫീസർ